റഠിയിലെ കഠെ സാമാനങ്ങൾ തല്ലി ഉടക്കുകയും ചെയ്യുവെന്നു് "മലബാർമെയിൽ, ദീന ബന്ധു" എന്നീപത്രങ്ങളിലുണ്ടായിരുന്ന റിപ്പോർട്ടുകൾ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയെപ്പറ്റി ഗവമ്മെണ്ടു് അന്വേഷിക്കുകയൊ പ്രിൻസിപ്പാളിൽ നിന്നും ഇതിനെപ്പറ്റി ഗവമ്മെണ്ടിനു് റിപ്പോർട്ടു് കിട്ടുകയൊ ഉണ്ടായിട്ടുണ്ടോ;

(സി) ഈ സംഭവത്തെ സംബന്ധിച്ചു് കോളേജു് അധികാരികളൊ ഗവമ്മെണ്ടോ വല്ല നടവടിയും നടത്തുകയൊ കഠവാളികളെ ശിക്ഷിക്കുകയൊ ഉണ്ടായിട്ടുണ്ടോ;

(ഡി) ശിക്ഷിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടു്;

(ഇ) ശിക്ഷിച്ചെങ്കിൽ പിന്നീടു് ആ ശിക്ഷ റദ്ദായിപ്പോകുന്ന നടപടികൾ അംഗീകരിക്കാൻ ഗവമ്മെണ്ടിനെ പ്രേരിപ്പിച്ച ഹേതു എന്തു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : (എ) ഉവ്വു്.

(ബി) പ്രിൻസിപ്പാൾ അന്നേദിവസത്തെ സംഭവങ്ങളെപ്പറ്റി റിപ്പോർട്ടു ചെയ്തിട്ടുണ്ടു്.

(സി) കോളേജു് പ്രിൻസിപ്പാൾ ഫ ഴ വിദ്യാർത്ഥികളെ എക്സ്പെൽ ചെയ്തു.

(സി) ഉത്തരം ആവശ്യമില്ല.

(ഇ) ഗവമ്മെണ്ടു് അപ്രകാരം നടപടികൾ അംഗീകരിച്ചിട്ടില്ല.

6. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) കോളേജിൽനിന്നും പിരിച്ചുവിട്ട വിദ്യാർത്ഥികളെ തിരിച്ചെടുക്കുന്നതിനെ സംബന്ധിച്ചു സവ്വകലാശാല വൈസ്ചാൻസ്ലരുടെ അടുക്കൽ ശുപാർശ ചെയ്യുവാൻ ഇവിടത്തെ മദ്രാസ്സുമെയിൽ പ്രതിനിധിയേയും ഒരു വക്കീലിനേയും സക്കാർ ചിലവിൽ മദ്രാസ്സിലേക്കു് അയച്ചുവെന്നായി "എക്സ്പ്രസ്സ്" പത്രത്തിലുണ്ടായിരുന്ന വാർത്ത ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ ദൌത്യത്തിന്റെ ഫലമായി പുറത്താക്കിയവരെ സവ്വകലാശാല തിരിച്ചെടുക്കുവാൻ തീരുമാനിക്കയുണ്ടായൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : (എ) ഉവ്വു്, ആ വാർത്ത നേരല്ല.

(ബി) ഗവമ്മെണ്ടിന്റെ ദൌത്യം ആരും വഹിച്ചിട്ടില്ല. സവ്വകലാശാല എന്തു തീരുമാനിച്ചു എന്നു് അറിവില്ല.

ACTION REGARDING MAHARAJ'AS COLLEGE DISTURBANCES

8. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമൊ.—

(എ) മഹാരാജാസ് കോളേജിൽനിന്നും ഫ ഴ വിദ്യാർത്ഥികളെ ബഹിഷ്കരിക്കുവാനുണ്ടായ കാരണമെന്തായിരുന്നു;

(ബി) ഈ ബഹിഷ്കരണ ഉത്തരവു് പ്രിൻസിപ്പാൾ പുറപ്പെടുവിക്കുന്നതിനുമുമ്പു് ഗവമ്മെണ്ടിലേക്കു ആ വിവരം റിപ്പോർട്ടുചെയ്തു് അനുമതി വാങ്ങിയിരുന്നൊ;

(സി) ഗവമ്മെണ്ടു അനുമതിയോടുകൂടിയാണൊ ഈ ബഹിഷ്കരണകാര്യം സവ്വകലാശാല വൈസ്ചാൻസ്ലക്കു് പ്രിൻസിപ്പാൾ റിപ്പോർട്ടു ചെയ്തതു;

(ഡി) പിന്നിട്ടു ഈ വിദ്യാർത്ഥികളെ തിരിച്ചെടുക്കണമെന്നായി പ്രിൻസിപ്പാൾ സവ്വകലാശാലാധികൃതന്മാർക്കു് ശുപാർശ ചെയ്തുകയുണ്ടായൊ;

(ഇ) വിദ്യാർത്ഥികൾ നിരപരാധികളായതുകൊണ്ടായിരിക്കയില്ലെ പ്രിൻസിപ്പാൾ അപ്രകാരം ശുപാർശ ചെയ്തതു;

(എഫ്) ഈ നിലയിൽ പ്രവൃത്തിച്ചതിനു് പ്രിൻസിപ്പാളിന്റെ പേരിൽ വല്ല നടവടിയും ഗവമ്മെണ്ടു എടുക്കുകയുണ്ടായൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : (എ) "For their active part in the recent disturbances in the College" എന്നാണു് അവരെ എക്സ്പെൽ ചെയ്ത ഓർഡറിൽ കാണുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) അല്ല.

(ഡി) മദിരാശി സർവ്വകലാശാലയിലെ നിയമപ്രകാരം ഒരു പ്രിൻസിപ്പാൾ തന്റെ കോളേജിലുള്ള ഒരു വിദ്യാർത്ഥിയെ എക്സ്പെൽ ചെയ്യാൽ അതിന്മേൽ ആക്ഷേപമൊസ കടമൊ ബോധിപ്പിക്കേണ്ടതു് സിണ്ടിക്കേറ്റിലേക്കാണു്. ഈ വിദ്യാർത്ഥികൾ വൈസ് ചാൻസ്ലർക്കു് കൊടുക്കാൻ ബോധിപ്പിച്ച ഹർജികൾ പ്രിൻസിപ്പാൾ തന്റെ അഭി പ്രായത്തോടുകൂടി വൈസ് ചാൻസ്ലർക്കു് അയച്ചുകൊടുത്തു.

(ഇ) എക്സ്പെൽ ചെയ്ത ഏഴു വിദ്യാർത്ഥികളിൽ ഏതു പേർ പ്രിൻസിപ്പാളിന്റേയും പ്രൊഫസ്സർ എൻ. ആർ. രാമചന്ദ്രയ്യർ, പ്രൊഫസ്സർ കെ. എൻ. മേനോൻ എന്നിവരുടെയും മുമ്പാകെ തങ്ങൾചെയ്ത തെറ്റുകൾക്കു് മാപ്പു ചോദിക്കുകയും മേലാൽ കോളേജിലെ അച്ചടക്കത്തിനു് വിരോധമായി യാതൊന്നും ചെയ്യുകയില്ലെന്നു വാഗ്ദാനം ചെയ്യുകയും ഉണ്ടായതിനുശേഷമാണു് പ്രിൻസിപ്പാൾ മേൽപ്രകാരം ചെയ്തതു്.

(എഫ്) ഇല്ല.

9. മിസ്റ്റർ പി. നാരായണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു മാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമൊ:—

(എ) അടുത്തു് മഹാരാജസ്സു് കോളേജിൽ ഉണ്ടായ വിദ്യാർത്ഥി ബഹളം അവസാനിപ്പിച്ചു കായ്ത്തിൽ ശ്രീ. കെ. പി. മാധവൻനായർ വല്ലതും പ്രവർത്തിച്ചിട്ടുണ്ടൊ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം:

മിസ്റ്റർ പി. ഗോവിന്ദമേനോൻ : (എ) and (ബി) ഗവൺമെണ്ടിനു നിശ്ചയമില്ല.

മിസ്റ്റർ കെ. എ. രാഘവൻ: ചോദ്യം നം. (സി.) ക്കുള്ള മറുപടിയിൽ the unfortunate incidents that occurred on the night of Thursday എന്നു പറഞ്ഞിട്ടുണ്ടു്. അതിൽ എന്തെല്ലാമാണു് unfortunate incidents ഉണ്ടായിട്ടുള്ളതെന്നു് അറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ വിഷയം ഒരു പോലീസ്സു് ഇൻവെസ്റ്റിഗേഷനിലിരിക്കുകയാണു്. അതുകൊണ്ടു് അതിന്റെ വിവരം ഇപ്പോൾ പറയുന്നതു് ശരിയായിരിക്കുകയില്ല.

മിസ്റ്റർ കെ. എ. രാഘവൻ: കോളേജിൽ നടന്ന സംഭവങ്ങൾ വളരെ പരസ്യമായിട്ടുള്ളതാണു്. അതിനെ സംബന്ധിച്ചുള്ള ഇൻവെസ്റ്റിഗേഷൻ ഏതു നിലയിലിരിക്കുന്നുവെന്നു് അറിഞ്ഞാൽകൊള്ളാം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എനിക്കു് അതിനെപ്പറ്റി പറയുവാൻ പാടില്ലെന്നല്ല പറയുന്നതു്. പോലീസ്സു് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതു് ഒരുപക്ഷെ, അതിനെ തുടർന്നു് കേസ്സുണ്ടാക്കുവാൻ വേണ്ടീട്ടാണു്. അങ്ങിനെ ഒരു കേസ്സുണ്ടാവുകയാണെങ്കിൽ, ഇതിനെ സംബന്ധിച്ചു് നേരത്തെ ഒരഭിപ്രായം പറയുന്നതു് ആ കേസ്സിനു തടസ്ഥമായിട്ടു തീരും. അതുകൊണ്ടു് അധികൃതമായിട്ടു് ഒന്നും പറയുവാൻ നിവൃത്തിയില്ല. അങ്ങിനെ പറയുകയാണെങ്കിൽ അതു contempt of court ആകുവാൻ ഇടയാകും. ഈയ്യിടെയുള്ള ഒരു ഹൈക്കോട്ടു് വിധിയിൽ പോലീസ്സു് ഇൻവെസ്റ്റിഗേഷനിലിരിക്കുന്ന കേസ്സുകളെ സംബന്ധിച്ചു് മൻക്കൂട്ടി ചെയ്യുന്ന പ്രസ്താവനകൾ contempt of court ആയിരിക്കുമെന്നു പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഇതിൽ unfortunate incidents that occurred എന്നു പറയുന്നുണ്ടു്. അതു് ഇന്ന സംഗതിയാണെന്നും, ആ കാരണംകൊണ്ടാണു് വിദ്യാർത്ഥികളെ സസ്പെണ്ടു ചെയ്തതെന്നും പറഞ്ഞാൽ അതു് എങ്ങിനെയാണു് subjudice ആകുക? അതുകൊണ്ടു് ആ വിവരങ്ങളൊന്നു് അറിഞ്ഞാൽ തരക്കേടില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആഗസ്റ്റു് 8-ാംനു കോളേജ് അങ്കണത്തിൽവെച്ചു നടന്ന സംഭവങ്ങൾ പോലീസ്സു് ഇൻവെസ്റ്റിഗേഷനിൽ പെട്ടതായതുകൊണ്ടു് അതിനെപ്പറ്റി ഈ സഭയിൽ പ്രസ്താവിക്കുന്നതു് ശരിയായിരിക്കുകയില്ലെന്നാണു് ഗവൺമെണ്ടിന്റെ പരിപൂർണ്ണമായ അഭിപ്രായം.

മിസ്റ്റർ പറമ്പി ലോനപ്പൻ: ഈ സംഗതിയെപ്പറ്റി ഗവൺമെണ്ടിനു് കിട്ടീട്ടുള്ള വിവരം ഇവിടെ പ്രസ്താവിച്ചാൽ അതു് contempt of court ആകുമെന്നാണോ മന്ത്രിയുടെ അഭിപ്രായം?

LIBRARY ARCHIVES Kerala Legislative Assembly